(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പഠനങ്ങളിൽ ഈ ജലാശയങ്ങളിൽ വിഷാംശങ്ങൾ കൂടിയ തോതിൽ ഉള്ളതായി കണ്ടിട്ടില്ല. എന്നാൽ മനുഷ്യന്റെയും മൃഗങ്ങളുടെയും വിസർജ്യത്തിൽ നിന്നുള്ള 'കോളിഫോം' ബാക്ടീരിയായുടെ അളവ് അനുവദനീയമായ തോതിൽ കൂടുതലായി കണ്ടിട്ടുണ്ട്.

(എഫ്) ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ വയലാർ കിഴക്ക്, തുറവൂർ തെക്ക്, പള്ളിപ്പുറം എന്നീ വില്ലേജുകളിലായി അനധികൃതമായി കായൽ പുറംപോക്ക് കൈയേറി ബണ്ട് നിർമ്മിച്ച് ചെമ്മീൻ കൃഷി ചെയ്തുവന്നിരുന്ന 29 അനധികൃത പ്രവേശനം ഒഴിപ്പിച്ച് സർക്കാർ അധീനതയിൽ എടുത്തിട്ടുണ്ട്.

വെള്ളായണിക്കായലിന്റെ സംരക്ഷണം

53 [210] ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര ശുദ്ധജലതടാകങ്ങളുണ്ട്; അവ ഏതെല്ലാം;

(ബി) പ്രസ്തുത ശുദ്ധജലതടാകങ്ങൾ സംരക്ഷിക്കാൻ എന്തൊക്കെ പദ്ധതികളാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) കേരളത്തിലെ ശുദ്ധജല തടാകങ്ങളിലൊന്നായ വെള്ളായണിക്കായൽ നിക്ഷിപ്ത താല്പര്യക്കാർ കയ്യേറി നികത്തുകയും കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) വെള്ളായണിക്കായൽ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്;

(എഫ്) വെള്ളായണിക്കായൽ സംരക്ഷണത്തിനുവേണ്ടി ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ പ്രധാനമായി നാല് ശുദ്ധജല തടാകങ്ങളാണ് ഉള്ളത്. ശാസ്താംകോട്ടക്കായൽ (കൊല്ലം ജില്ല), വെള്ളായണിക്കായൽ (തിരുവനന്തപുരം ജില്ല), പൂക്കോട് തടാകം (വയനാട് ജില്ല), ഇലവീഴാ പൂഞ്ചിറ (ഇടുക്കി ജില്ല).

LIBRARY ARCHIVES Kerala Legislative Assembly

(ബി) വെള്ളായണിക്കായൽ, ശാസ്താംകോട്ടക്കായൽ എന്നിവയുടെ പഠനം കേരള വാട്ടർ അതോറിറ്റി ഭൗമശാസ്ത്ര പഠന കേന്ദ്രം (സെസ്സ്) മുഖേന നടത്തിയിരുന്നു. ശാസ്താംകോട്ടക്കായൽ സംരക്ഷിക്കുന്നതിന് ബണ്ട് നിർമ്മിക്കുക, കായലിനു ചുറ്റും ഗ്രീൻബെൽറ്റ് നിർമ്മിക്കുക, മണ്ണൊലിപ്പു തടയുന്നതിന് വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കുക എന്നീ നിർദ്ദേശങ്ങൾ ഉണ്ടായിരുന്നു. ഈ നിർദ്ദേശങ്ങൾ കൊല്ലം ജില്ലാ കളക്ടർക്ക് നല്കിയിട്ടുണ്ട്. കൊല്ലം ജില്ലാ കളക്ടർ ചെയർമാനായി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ മാനേജ്മെന്റ് ഫോർ അഷ്ടമുടി ആന്റ് ശാസ്താംകോട്ട വെറ്റ്ലാന്റ് എന്ന പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ട്. ജനങ്ങളുടെ ബോധവൽക്കരണത്തിനായി കുടുംബശ്രീ യൂണിറ്റിനെ ചുമതലപ്പെടുത്തുകയും മലിനീകരണം നിയന്ത്രിക്കുവാനായി സാനിട്ടേഷൻ സൗകര്യം ഏർപ്പെടുത്തുവാനും ജലത്തിന്റെ ഗുണനിലവാരം കൃത്യമായി പരിശോധിച്ച് വേണ്ട നടപടി കൈക്കൊള്ളുവാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ശാസ്താംകോട്ടകായലിനെ അന്താരാഷ്ട്ര തണ്ണീർ സംഘടന 2002 ഒക്ടോബറിൽ സ്പെയിനിൽ വച്ച് നടത്തിയ റാംസർ കൺവൻഷനിൽ ഒരു റാംസർ സങ്കേതമായി പ്രഖ്യാപിച്ചിട്ടുണ്ട്. ശാസ്താംകോട്ടക്കായലിന്റെ ശാസ്ത്രീയ വിനിയോഗത്തിനും സംരക്ഷണത്തിനും കേരള സർക്കാരിനുവേണ്ടി CWRDM മാനേജ്മെന്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ഇത് കേന്ദ്ര പരിസ്ഥിതി വനമന്ത്രാലയം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനായി കെ.എസ്.സി. എസ്.ടി.ഇ.-യുടെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ചെയർമാനായി ഒരു സ്റ്റേറ്റ് സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. ഈ കമ്മിറ്റിയുടെ രണ്ടാമത് യോഗം ശാസ്താംകോട്ട തടാകത്തിന്റെ സംരക്ഷണ പദ്ധതി നടപ്പിലാക്കുന്നതിനായി കൊല്ലം ജില്ലാ കളക്ടർ ചെയർമാനായി ഒരു കർമ്മ സമിതി രൂപീകരിച്ചിട്ടുണ്ട്. വെള്ളായണിക്കായലിന്റെ സംരക്ഷണത്തെക്കുറിച്ചുള്ള സെസ്സിന്റെ പഠന റിപ്പോർട്ടിൽ കായലിന്റെ വൃഷ്ടി പ്രദേശം സംരക്ഷിക്കണമെന്നും സമീപപ്രദേശങ്ങൾ കാർഷിക മേഖലയായതിനാൽ കീടനാശിനികളുടെയും രാസവളത്തിന്റെയും ഉപയോഗം നിയന്ത്രിക്കണമെന്നുമുള്ള നിർദ്ദേശങ്ങളുണ്ടായിരുന്നു. കൃഷി വകുപ്പിന്റെ കീഴിലുള്ള കായൽ പ്രദേശം വാട്ടർ അതോറിറ്റിക്ക് കൈമാറിയാൽ സംരക്ഷണ നടപടികൾ സ്വീകരിക്കുവാൻ കഴിയും. കൂടാതെ, ശുദ്ധജല തടാകങ്ങൾ നാഷണൽ ലേക്ക് കൺസർവേഷൻ പ്ലാൻ പ്രകാരം സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്.

(സി) ചില കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കയ്യേറിയ രണ്ടു കേസുകളിൽ അവരെ ഒഴിപ്പിക്കുന്നതിന് നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ ആന്റ് എഫ്) വെള്ളായണിക്കായലിലെ ജല ലഭ്യതയെക്കുറിച്ചും അതിന്റെ വൃഷ്ടിപ്രദേശം സംരക്ഷിക്കുന്നതിനെക്കുറിച്ചും ഒരു പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly